DESPATCHED
On..25/02/2020

17/01/2020

## സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.-nic.-in

## ഹർജി നമ്പർ C.P. No.774(6)/2015/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.9786/എസ്.ഐ.സി–ജി 5/2015)*

സന്നിഹിതൻ
**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

.ശ്രീ. തമ്പാൻ എൻ.
നിരിച്ചൻ വീട്, കണ്ണപുരം,
പുഞ്ചവയൽ, മൊട്ടമ്മൽ. പി.ഒ.,
കണ്ണൂർ– 670 331
} പരാതി ഹർജിക്കാരൻ

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ജൂനിയർ സൂപ്രണ്ട്,(എം. സെക്ഷൻ)
കളക്ടറേറ്റ് , കണ്ണൂർ.
} എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 30.12.2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 12.02.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 06.06.2015 |
| കമ്മീഷൻ പരാതി ലഭിച്ച തീയതി | 09.06.2015 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 17.01..2020<br>വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കണ്ണൂർ |
| ഹിയറിംഗിലെ സാന്നിധ്യം :പരാതി ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. തമ്പാൻ എൻ. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, വിവരാവകാശ നിയമം അനുവദിക്കുന്ന പ്രകാരമുള്ള മറുപടി ടിയാന് ലഭ്യമാക്കണമെന്നാണ്.

RIGHT TO INFORMATION

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, താഴെപ്പറയുന്ന വിവരങ്ങളാണ്.

i) കണ്ണൂർ കളക്ടറേറ്റിലെ L3/1086/11, L3/21608/12, L3/53443/13 എന്നീ നമ്പർ ഫയലുകളിൽ സ്വീകരിച്ച നടപടികളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നൽകണമെന്നും

ii) 21.11.2014 തീയതി ടിയാൻ നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികളുടെ പകർപ്പ് നൽകണമെന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരന്റെ 21.11.2014 ലെ പരാതി അന്വേഷണത്തിനായി ജോയിന്റ് രജിസ്ട്രാർ സഹകരണ വകുപ്പ് (ജനറൽ) ന് അയച്ചു കൊടുത്തിട്ടുണ്ടെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട L3/21608/12, L3/53443/13 എന്നീ നമ്പർ ഫയലുകൾ സംബന്ധിച്ച വിവരങ്ങൾ നൽകുകയും ഹർജിക്കാരൻ ആവശ്യപ്പെട്ട പകർപ്പുകൾക്ക് 10 രൂപ ഫീസ് ഒടുക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. L3/1086/11 എന്ന നമ്പർ ഫയൽ ലഭ്യമല്ലെന്ന് ഹർജിക്കാരനെ അറിയിക്കുകയും ചെയ്തു.

3. കമ്മീഷൻ മുമ്പാകെ ഹാജരായ നിലവിലെ എതിർകക്ഷി ബോധിപ്പിച്ചത്, ഹർജിക്കാരനോട് നിർദ്ദേശിച്ച പ്രകാരമുള്ള തുക ഒടുക്കി ടിയാൻ രേഖകൾ കൈപ്പറ്റിയിട്ടില്ലെന്നാണ്.

4. എതിർകക്ഷി നൽകിയ മറുപടിയിൽ ഒന്നാം അപ്പീൽ അധികാരിയുടെ അഡ്രസ്സും, അപ്പീൽ കാലാവധി സംബന്ധിച്ച വിവരവും നൽകിയിട്ടില്ലായെന്നു കാണുന്നു. മേൽപ്പടി വിവരങ്ങൾ നിർബന്ധമായും എതിർകക്ഷി നൽകേണ്ടതായിരുന്നു. ഇക്കാര്യത്തിൽ എതിർകക്ഷി വേണ്ടത്ര ശ്രദ്ധ പതിപ്പിക്കണമെന്ന് കമ്മീഷൻ ടിയാനെ ഓർമ്മപ്പെടുത്തുന്നു. അപ്രകാരം തന്നെ ഹർജിക്കാരൻ ആവശ്യപ്പെട്ട . L3/1086/11 എന്ന ഫയൽ സെക്ഷനിൽ ലഭ്യമല്ലെന്നാണ് ഹർജിക്കാരനെ അറിയിച്ചത്. ആയത് വിവരാവകാശ നിയമ പ്രകാരം അംഗീകരിക്കത്തക്കതല്ല. ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട മേൽപ്പടി ഫയൽ സംബന്ധിച്ച വിവരങ്ങൾ ഹർജിക്കാരന് ഈ ഉത്തരവ് കൈപ്പറ്റി 20 ദിവസങ്ങൾക്കകം സൗജന്യമായി നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

5. ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ കൈപ്പറ്റാത്തത് എതിർകക്ഷി നിർദ്ദേശിച്ച പ്രകാരമുള്ള ഫീസ് ഒടുക്കാത്തതിനാലാണ് എന്ന് കമ്മീഷന് ബോധ്യമാകുന്നതിനാൽ കമ്മീഷൻപ്രത്യേക നിർദ്ദേശങ്ങളൊന്നും പുറപ്പെടുവിക്കുന്നില്ല.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 17–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

**ഒപ്പ്**

**വിൻസൻ എം. പോൾ**

**മുഖ്യ വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

അഡീഷണൽ സെക്രട്ടറി(നിയമം)

RIGHT TO INFORMATION